LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം വായന

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ നിയമഭേദഗതിയിലൂടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്ലേഡ് മാഫിയകളെ പൂർണ്ണമായി ഇല്ലാതാക്കാനും സാമൂഹ്യവിരുദ്ധശക്തികളെ നേരിടാനും സർക്കാരിന് കഴിയുന്നതാണ്. നേരത്തെ പാസ്സാക്കിയിട്ടുള്ള "കാപ്പ" നിയമത്തിന് കൂടുതൽ ടീത്ത് നൽകിക്കൊണ്ട് ജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കാനും സമാധാന ജീവിതം ഉറപ്പുവരുത്താനും ഈ ബിൽ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് ഗവൺമെന്റ് ഈ ഭേദഗതി കൊണ്ടുവന്നത്. പലതരത്തിലുള്ള സാമ്പത്തിക ഇടപാടുകളിലൂടെ സംസ്ഥാനത്തെ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന കൊള്ളപ്പലിശക്കാരെയും ബ്ലേഡ് മാഫിയകളെയും നിയന്ത്രിക്കുവാനും സാമൂഹ്യവിരുദ്ധ ശക്തികളെ നേരിടാനുമുള്ള ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യമാണ് ഈ നിയമഭേദഗതിയിലൂടെ ആഗ്രഹിക്കുന്നത്. അതുകൊണ്ട് 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

IX. അവകാശലംഘന പ്രശ്നങ്ങൾ

അനുമതി നിഷേധിച്ചവ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എ.കെ. ബാലൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കെതിരെ ഡോ. ടി.എം. തോമസ് ഐസക് നൽകിയ നോട്ടീസ്, കേരള സർവ്വകലാശാല രജിസ്ട്രാറുടെ പി.എ.-യും അസിസ്റ്റന്റ് രജിസ്ട്രാറുമായ ശ്രീമതി ശോഭന കുമാരിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി.എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, മംഗളം ദിനപത്രത്തിന്റെ എഡിറ്റർ, പ്രിന്റർ&പബ്ലിഷർ ശ്രീ. ബാബു വർഗ്ഗീസിന് എതിരെയും സ്വന്തം ലേഖകനെതിരെയും ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസ്, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. വി. വിജയദാസ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്. ഇതിന്റെ വിശദമായ റൂളിംഗ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽ നിന്നും പുറത്തുപോയി)

പ്രമേയം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

അവലോകനം

മി. ഡെപ്യൂട്ടി സ്പീക്കർ: 13-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. ഡിസംബർ 1 മുതൽ 18 വരെ 14 ദിവസമാണ് സഭ സമ്മേളിച്ചത്.

ഈ സമ്മേളന കാലത്ത് 8932 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ സ്വീകരിച്ചു. ഇവയിലെ 420 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിട്ട ലിസ്റ്റിലും 4923 ചോദ്യങ്ങൾ നക്ഷത്ര രഹിത ലിസ്റ്റിലും ഉൾപ്പെടുത്തി. മൂന്ന് അടിയന്തര ചോദ്യവും അനുവദിച്ചു. സഭാതലത്തിൽ 34 ചോദ്യങ്ങൾക്കും ഒരു അടിയന്തര ചോദ്യത്തിനും വാക്കാൽ മറുപടി നൽകി. 304 ഉപചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു.

ഈ സമ്മേളനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ചോദ്യോത്തര പ്രവർത്തനങ്ങളെല്ലാം NIC യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'LAIS' സോഫ്റ്റ്വെയറിന്റെ സഹായത്താലാണ് നിർവ്വഹിച്ചത്. ഇത് വളരെയേറെ പ്രയോജനകരവും തൃപ്തികരവുമായി അനുഭവപ്പെടുകയുണ്ടായി. ചോദ്യങ്ങളും ഉത്തരങ്ങളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.